കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# തദ്ദേശഭരണം ജനകീയമാക്കാൻ ചെയ്യേണ്ടതെന്ത്?




തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കു നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് അഞ്ച് വർഷത്തേക്ക് അധികാരമേറ്റെടുത്തിരിക്കുന്ന മുനിസിപ്പാലിറ്റി-ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ സമയബന്ധിതമായി നിർവ്വഹിക്കേണ്ട ഒരു അടിയന്തര ചുമതലയാണ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കുക എന്നത്. ജില്ലാ ആസൂത്രണ കമ്മിറ്റികൾ സംസ്ഥാന വികസന കൗൺസിലിന് സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടാണ് സംസ്ഥാന സർക്കാർ ഓരോ ജില്ലയിലേക്കുമുള്ള വികസന പദ്ധതികൾക്ക് രൂപം നൽകേണ്ടത്. 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും പഞ്ചായത്ത്രാജ് ആക്ടിലും വികസന പദ്ധതികൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്ലാനിംഗിന്റെ ആദ്യപടി വാർഡുതലത്തിൽ സമ്മതിദായകർ നടത്തത്തക്കവിധമാണ് നിയമവ്യവസ്ഥകൾ.

കേരള മുനിസിപ്പാലിറ്റി ആക്ടിലെ 51-ാം വകുപ്പ് വികസന പദ്ധതികൾ തയ്യാറാക്കുന്നത് എങ്ങനെയായിരിക്കണം എന്നു നിർദ്ദേശിക്കുന്നു. 51(1) വകുപ്പ് ഇപ്രകാരമാണ്: വാർഡു കമ്മിറ്റിയോ, വാർഡുസഭയോ, അതതുസംഗതി പോലെ ഒരോ വർഷവും ആ വാർഡിനുവേണ്ടി അടുത്ത വർഷത്തേക്കുള്ള വികസന പദ്ധതി, അതിനുവേണ്ടുന്ന ചെലവിന്റെ എസ്റ്റിമേറ്റ് സഹിതം തയ്യാറാക്കേണ്ടതും അത് ഒരു സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മൂന്ന് മാസം മുമ്പുള്ള യോഗത്തിൽ തീരുമാനിച്ച് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. 51 (2) ഉപവകുപ്പ് മുനിസിപ്പാലിറ്റിയുടെ മൊത്തമായ വികസനപദ്ധതിയെ പരാമർശിക്കുന്നു. വാർഡു കമ്മിറ്റികളോ വാർഡു സഭകളോ സമർപ്പിച്ച വികസന പദ്ധതികൾ പരിഗണിച്ചുകൊണ്ട് മുനിസിപ്പൽ പ്രദേശത്തിന്റെ അടുത്ത വർഷത്തേക്കുള്ള വികസന പദ്ധതി മുനിസിപ്പാലിറ്റി തയ്യാറാക്കുകയും ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്യണമെന്ന് ഈ വകുപ്പ് പറയുന്നു.

ഗ്രാമപഞ്ചായത്തുകൾ വികസന പദ്ധതികൾ തയ്യാറാക്കുന്നതിനെക്കുറിച്ച് പറയുന്നത് കേരള പഞ്ചായത്ത്രാജ് ആക്ടിലെ 8 (എ) ഉപവകുപ്പാണ്. 'ഗ്രാമത്തിന്റെ വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും അവയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കേണ്ടത് ഗ്രാമസഭയുടെ ചുമതലയാണ്'. ഇത് കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് പശ്ചാത്തലം ഒരുക്കണമെന്നും പഞ്ചായത്ത്രാജ് ആക്ട് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗ്രാമസഭയെ സംബന്ധിച്ച 3-ാം വകുപ്പിന്റെ 6-ാം ഉപവകുപ്പ് ഇപ്രകാരമാണ്. 'വാർഡിനെ സംബന്ധിച്ച മുൻവർഷത്തെ വികസന പരിപാടികളേയും നടപ്പുവർഷത്തിൽ എറ്റെടുക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളേയും അതിനുവേണ്ടിവരുന്ന ചെലവിനേയും സംബന്ധിച്ച ഒരു റിപ്പോർട്ടും വർഷത്തിലെ ആദ്യ യോഗത്തിൽ ഗ്രാമസഭ മുമ്പാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്.' 'ഗ്രാമസഭയുടെ ഏതെങ്കിലും തീരുമാനം ഏതെങ്കിലും സാഹചര്യത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ, അദ്ധ്യക്ഷൻ അതിനുള്ള കാരണം ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. 3(7) ഉപവകുപ്പും ശ്രദ്ധേയമാണ്. 'ഗ്രാമസഭയുടെ ശുപാർശകളോ നിർദ്ദേശങ്ങളോ എന്തെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് ഗ്രാമപഞ്ചായത്തുകളും ബ്ലോക്കുപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും അർഹമായ പരിഗണന നൽകേണ്ടതാണ്'.അങ്ങനെ, വികസനപദ്ധതികൾ തയ്യാറാക്കുന്നതിനു വളരെ വ്യക്തതയുള്ള ഒരു നടപടിക്രമം മുനിസിപ്പാലിറ്റി-ഗ്രാമപഞ്ചായത്ത് നിയമങ്ങൾ നിർദ്ദേശിക്കുന്നു. അടിസ്ഥാനതല ജനാധിപത്യം ജനപങ്കാളിത്തം കൊണ്ടു സക്രിയമാകത്തക്കവിധം ഗ്രാമ-വാർഡുസഭകൾ, വാർഡു കമ്മിറ്റി എന്നിവയ്ക്ക് മതിയായ പ്രാധാന്യം നൽകുകയും ചെയ്തിരിക്കുന്നു. പാർലമെന്റ് ഭരണഘടന ഭേദഗതി ചെയ്ത് പഞ്ചായത്ത്രാജ്-നഗരപാലിക നിയമങ്ങൾ 1992ൽ പാസാക്കി 23 വർഷം കഴിഞ്ഞിട്ടും സദുദ്ദേശ്യം ഫലപ്രദമായി പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ഇത്തവണ അധികാരമേറ്റിരിക്കുന്ന ഭരണസമിതികളും വോട്ടർമാരും നിയമം നിർദ്ദേശിക്കുന്ന ചുമതലകൾ യഥാവിധി നിറവേറ്റാൻ ശ്രമിക്കുകയാണെങ്കിൽ അതൊരു നല്ല തുടക്കമാകും.

**അഡ്വ. ജോൺ ജോസഫ്, എറണാകുളം**


## കേരളീയം വരിസംഖ്യ
### അയയ്ക്കുമല്ലോ...

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ. കൂട്ടായ്മ അംഗത്വം :
10,000 രൂപ. ആജീവനാന്ത വരിസംഖ്യ
വിദേശത്തേക്ക് : 8000 രൂപ. ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന,
പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
ബന്ധങ്ങൾക്ക് :
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446576943